# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1938 08.06.2018 ൽ മറുപടിയ്ക്ക്

**സ്കൂൾ വാഹനങ്ങളുടെ കാലപ്പഴക്കവും മത്സരയോട്ടവും അശ്രദ്ധയും മൂലം ഉണ്ടാകുന്ന അപകടങ്ങൾ**

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സ്കൂൾ വാഹനങ്ങളുടെ കാലപ്പഴക്കവും മത്സരയോട്ടവും അശ്രദ്ധയും മൂലം നിരവധി അപകടങ്ങൾ നിത്യേന നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സ്കൂൾ വാഹനങ്ങളുടെ മത്സരയോട്ടം നിയന്ത്രിക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും (ഡി) യും (ഇ) യും | സ്കൂൾ വാഹനങ്ങൾ, കുട്ടികളെ കയറ്റി വരുന്ന മറ്റ് സ്വകാര്യ വാഹനങ്ങൾ, ആട്ടോറിക്ഷകൾ എന്നിവ പരിശോധിക്കുന്നതിനും, അമിതമായി കുട്ടികളെ കയറ്റി വരുന്ന വാഹനങ്ങളുടെ പെർമിറ്റും ഡ്രൈവർ മാരുടെ ലൈസൻസും റദ്ദ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുവാൻ സ്പീഡ് ലിമിറ്റിംഗ് ഉപകരണം ഘടിപ്പിച്ചിട്ടുണ്ടോയെന്നും പരിശോധിച്ചു വരുന്നുണ്ട്.<br><br>അദ്ധ്യയന വർഷാരംഭത്തിൽ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും അവരവരുടെ അധികാര പരിധിയിലുള്ള സ്കൂളുകളിലെ വാഹനങ്ങളുടെ ഫിറ്റ്നസ് കർശനമായും പരിശോധനയ്ക്കു വിധേയമാക്കുന്നുണ്ട്. |
| (സി) | സ്കൂൾ വാഹനങ്ങളുടെ മത്സരയോട്ടം മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ നിരീക്ഷണവിധേയമാക്കി അപകടം വരുത്തുന്നവർക്കും കുറ്റക്കാർക്കുമെതിരെ കർശന ശിക്ഷാ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന കൂടുതൽ കർശനമാക്കുമോ; | | |
| (ഇ) | സ്കൂൾ വാഹനങ്ങളുടെ അപകടം കുറയ്ക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ